1998-1999 മുതൽ 2002-2003 വരെയുള്ള കാലയളവിൽ ബോർഡ് വാങ്ങിയ മൊത്തം വായ്പയുടെ വിവരവും സർക്കാർ നൽകിയ തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.†

ബോർഡിന്റെ ബജറ്റ് വിഹിതവും കടവും

4 (892) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001, 2001-2002, 2002-2003, 2003-2004 എന്നീ ഓരോ സാമ്പത്തിക വർഷവും ഇലക്ട്രിസിറ്റി ബോർഡിന്റെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ ഓരോ ഉപവിഭാഗത്തിന്റെയും ബഡ്ജറ്റ് പ്രകാരമുള്ള പദ്ധതി വിഹിതവും, യഥാർത്ഥചെലവും സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ ബോർഡ് വാങ്ങിയ മൊത്തം കടം ഓരോ വർഷവും എത്രകോടി വീതമായിരുന്നു ?

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സർക്കാർ വായ്പ ഉൾപ്പെടെ 2000-2001 മുതൽ ഓരോ വർഷവും വാങ്ങിയ മൊത്തം കടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

2000-01	—	1,303.07 കോടി രൂപ
2001-02	—	690.31 കോടി രൂപ
2002-03	—	1,381.72 കോടി രൂപ
2003-04	—	101.03 കോടി രൂപ

(31-3-2003 വരെ)

കെ. എസ്. ഇ. ബി. യ്ക്ക് ലഭിച്ച വായ്പ

5 (893) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യ്ക്ക് എത്ര കോടി രൂപ വിദേശ വായ്പയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എ. ഡി. ബി. യിൽ നിന്നും കെ. എസ്. ഇ. ബി. പരിഷ്ക്കരണത്തിനായി വാങ്ങിയിട്ടുള്ള തുക കെ. എസ്. ഇ. ബി. യ്ക്ക് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

---

†അനുബന്ധം III, IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[24-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4(892)-ന്റെ ഉത്തരം ദയവായി കാണുക]

2000-2001, 2001-2002, 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബോർഡിന്റെ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ (തുക കോടി രൂപയിൽ)

വർഷം	ഉൽപ്പാദനം		പ്രസരണം		വിതരണം	
	ബജറ്റ് വിഹിതം	യഥാർത്ഥ ചെലവ്	ബജറ്റ് വിഹിതം	യഥാർത്ഥ ചെലവ്	ബജറ്റ് വിഹിതം	യഥാർത്ഥ ചെലവ്
2000-2001	62.46	37.48	272.15	259.73	200.03	243.05
2001-2002	106.25	66.04	275	158.03	205.03	183.41
2002-2003	93,75	30.00	250.42	188.47	256.50	214.06
2003-2004	80.62	2.86 (31.5.2003 വരെ)	262.28	9.48 (31.5.2003 വരെ)	304.82	10.02 (31.5.2003 വരെ)

LIBRARY ARCHIVES Kerala Legislative Assembly